7/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 798*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5616**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി ലിഷ ജോസഫ്,
തൈക്കാട്ടിൽ (ഹൗസ്),
"സുകൃതം", കൈപ്പറമ്പ് പി.ഒ.,
തൃശ്ശൂർ ജില്ല – 680 546. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
അക്കൗണ്ട്സ് ഓഫീസർ(യു.ജി.സി.),
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കോഴിക്കോട്.

2. അപ്പീൽ അധികാരി&
പ്രിൻസിപ്പൽ ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, നോർത്ത് സോൺ, കോഴിക്കോട്,
പിൻ – 673 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.06.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.05.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.06.2020 |
| ഹിയറിംഗ് നടന്ന തീയതി, സ്ഥലം | 16.12.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു. (ജോസഫ് T.T)<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരി 05.02.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 06.03.2020ന് മറുപടി നൽകിയതായി കാണുന്നു.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,ഹർജിക്കാരിയുടെ അപേക്ഷയും ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. നൽകിയ മറുപടിയും പരിശോധിച്ചതിൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ (ക്രമനമ്പർ 1, 2) സാക്ഷ്യപ്പെടുത്തി നൽകാൻ ടി ഓഫീസിന്റെ കാര്യത്തിൽ പ്രായോഗികമല്ലാത്തതിനാലാണ് ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. 04.03.2020ന് മറുപടി നൽകിയതായി കാണുന്നുവെന്നും ആയതിനാൽ അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

3. രണ്ടാം എതിർകക്ഷി 29.10.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിക്ക് മറുപടി നൽകിയിരുന്നുവെന്നും ടി ഓഫീസ് കാസറഗോഡ് മുതൽ മലപ്പുറം വരെയുള്ള 5 ജില്ലകളിൽ അധികാര പരിധിയുള്ള മേഖല ഓഫീസാണെന്നും 51 എയ്ഡഡ് കോളേജുകളിലെ ടീച്ചിങ് നോൺ ടീച്ചിങ് ജീവനക്കാരുടെ സേവന വേതന കാര്യങ്ങളാണ് പ്രാഥമികമായി ടി ഓഫീസിന്റെ ചുമതലയെന്നുമാണ്. കൂടാതെ ടി ഓഫീസിലെ 48 ജീവനക്കാരുടെ കാര്യങ്ങളുടെ തീർപ്പും, സർക്കാർ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, മറ്റു ഏജൻസികൾ എന്നിവരാവശ്യപ്പെടുന്ന അന്വേഷണങ്ങൾ എന്നിങ്ങനെ ധാരാളം ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ടെന്നുമാണ്. ബഹു.ഹൈക്കോടതിയിലെ വ്യവഹാരങ്ങളും, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ പരിധിയിൽ വരുന്ന സ്വാശ്രയ ആർട്സ്&സയൻസ് കോളേജുകളുടെ എതിർപ്പില്ല രേഖ എന്നിവയൊക്കെ കൂടി ടി ഓഫീസിന്റെ ജോലിഭാരത്തിൽ

വരുന്നുണ്ടെന്നും ആയതിനാൽ തന്നെ വളരെ അധികമാണ് ജോലിഭാരമെന്നും 51 കോളേജുകളുടെ ഓഡിറ്റ് 24ലധികം കോളേജുകളുടെ ജീവനക്കാരുടെ കാര്യങ്ങളുടെയും മേൽ സൂചിപ്പിച്ച എല്ലാ അന്വേഷണങ്ങളുടെയും കൂടി ചുമതലയുള്ള അക്കൗണ്ട്സ് ഓഫീസർ ആണ് വിവരാവകാശ ഓഫീസറെന്നുമാണ്. മേൽ വിവരിച്ചവയെല്ലാം കൂടി വർഷം ശരശരി 14000ത്തിലധികം തപാലുകൾ കിട്ടുന്നയിടമാണെന്നും ഇവയിൽ ഒരു മൂന്നുമാസത്തെ തപാലുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകളുടെ സർട്ടിഫൈഡ് കോപ്പികളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും അതായതു ഏകദേശം 4000 ത്തിനടുത്തുള്ള തപാലുകളുടെ വിവരങ്ങൾ ഇപ്പോൾത്തന്നെ അമിത ജോലി ഭാരവുമുള്ള തസ്തികകളിൽ ആളില്ലാത്തതും മൂലവും വീർപ്പുമുട്ടുന്ന ടി ഓഫീസിന് താങ്ങാനാവാത്തതാണ്. ഇത് ഒരു ഓഫീസിന്റെ മുഴുവൻ വിഭവ ശേഷിയും വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ നൽകാനായി ചെലവാക്കുക എന്നത് പ്രായോഗികമല്ല. ബഹു.സുപ്രീം കോടതിയും ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ടെന്നു കാണുന്നുവെന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങളുടെ പൊതു പ്രാധാന്യം വ്യക്തമാവുന്നുമില്ലെന്നും ടി സാഹചര്യത്തിലാണ് ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ മുൻകൂട്ടി അറിയിച്ച് നേരിട്ട് ഹാജരായി പരിശോധിക്കാൻ അറിയിച്ചതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാളുടെ അപേക്ഷയിലെ ചോദ്യം 1ൽ ആവശ്യപ്പെട്ട പേഴ്സണൽ രജിസ്റ്ററിന്റെ പകർപ്പ് നൽകിയില്ലെന്നും 2–ാം ഇനം സംബന്ധിച്ച് തെറ്റായ മറുപടിയാണ് നൽകിയതെന്നുമാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി വിവരാവകാശ നിയമത്തിലെ വകുപ്പ് 7(1)ന്റെ ലംഘനം നടത്തിയതായി കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച ഗുരുതരമാകയാൽ പ്രസ്തുത ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ

എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ ഹർജിക്കാരി ആവശ്യപ്പെട്ട ചോദ്യം 1, 2 പ്രകാരമുള്ള വിവരങ്ങൾ കമ്മീഷന്റെ നിർദ്ദേശപ്രകാരം സൗജന്യമായി നൽകിയതായി 23.12.2022ൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 19–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/